## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – *154 13.06.2019- ൽ മറുപടിയ്ക്ക്

### ലോക കേരളസഭയെ ഫലപ്രദമാക്കാൻ നടപടി

| ചോദ്യം<br>ശ്രീ. പി.ടി.എ. റഹീം<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, രാജു എബ്രഹാം<br>,, എൻ. വിജയൻ പിള്ള | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | നാടിന്റെ വികസനത്തിനു ലോകത്തെമ്പാട്ടുമുള്ള പ്രവാസി മലയാളികളുടെ സമ്പാദ്യത്തോടൊപ്പം അവരുടെ വിവിധ മേഖലകളിലുള്ള വൈദഗ്ദ്ധ്യം കൂടി പ്രയോജനപ്പെടുത്തുന്നതിനായി ലോക കേരളസഭയെ ഫലപ്രദമാക്കാൻ ചെയ്തു വരുന്ന കാര്യങ്ങൾ അറിയിക്കാമോ; | എ) & ബി) | ലോകമെങ്ങും വ്യാപിച്ചു കിടക്കുന്ന മലയാളികളുടെ വിവിധ മേഖലകളിലുള്ള വൈദഗ്ദ്ധ്യം നാടിന്റെ വികസനത്തിനു വേണ്ടി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ലോക കേരള സഭ രൂപീകരിച്ചിട്ടുള്ളത്. 2018 ജനുവരി 12, 13 തീയതികളിൽ നടന്ന ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞു വന്ന തീരുമാനങ്ങളിൽ മുഖ്യമായതായിരുന്നു ലോക കേരള സഭ സെക്രട്ടറിയേറ്റ് രൂപീകരിക്കുക എന്നത്. സ.ഉ. (കൈ) നം. 2/2018/നോർക്ക തീയതി 31.07.2018 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു സ്വതന്ത്ര സംവിധാനമായി ലോക കേരള സഭ സെക്രട്ടറിയേറ്റ് രൂപീകരിച്ചിട്ടുണ്ട്. ലോക കേരള സഭയുടെ സംഘാടനം, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ സമർപ്പിക്കുന്ന റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുക, എൻ.ആർ.ഐ. കലോത്സവങ്ങൾ സംഘടിപ്പിക്കുക, ലോക കേരള സഭയോടനുബന്ധിച്ചും അല്ലാതെയും |
| ബി) | ലോക കേരളസഭയുടെ സെക്രട്ടേറിയറ്റിന്റെയും വിഷയാടിസ്ഥാനത്തിലുള്ള മേഖലാ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും പ്രവർത്തനം വിശദമാക്കാമോ; | | |

കലാസാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക, ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹാരം കാണുക എന്നീ ചുമതലകളോടെയാണ് ലോക കേരള സഭ സെക്രട്ടറിയേറ്റ് രൂപീകരിച്ചത്. ലോക കേരള സഭ സെക്രട്ടറിയേറ്റിന്റെ സെക്രട്ടറി ചീഫ് സെക്രട്ടറിയും ജനറൽ കൺവീനർ നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമാണ്.

ലോകത്തെമ്പാടുമുള്ള പ്രവാസി മലയാളികളുടെ സമ്പാദ്യത്തോടൊപ്പം അവരുടെ വിവിധ മേഖലകളിലുള്ള വൈദഗ്ധ്യം കൂടി നാടിന്റെ വികസനത്തിനായി പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി ഏഴു വിഷയ മേഖലാ സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അതത് മേഖലകളിൽ വിദഗ്ധരായ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച 48 ശിപാർശകൾ ലോക കേരള സഭ സെക്രട്ടറിയേറ്റിന് കൈമാറിയിരുന്നു. ഈ ശിപാർശകളെ നിക്ഷേപ സാധ്യതകൾ, ക്ഷേമ പദ്ധതികൾ, വൈദഗ്ധ്യം മെച്ചപ്പെടുത്തൽ, സാംസ്കാരികം എന്നിങ്ങനെ നാലായി തരംതിരിച്ച് താഴെക്കാണുന്ന 10 ശിപാർശകൾ ലോക കേരള സഭ സെക്രട്ടറിയേറ്റ് കണ്ടെത്തിയിട്ടുണ്ട്.

1. വിവിധ മേഖലകളിൽ ഇൻവെസ്റ്റ്മെന്റ് നടത്തുന്നതിന് വേണ്ടിയുള്ള ഒരു എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി.
2. എൻ.ആർ.ഐ. കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
3. എൻ.ആർ.ഐ. ബാങ്ക്.
4. വൃദ്ധ സദനങ്ങൾ, ഭവന പദ്ധതികൾ, റോഡ്/ബിൽഡിംഗ്

കൺസ്ട്രക്ഷൻ എന്നീ പദ്ധതികൾക്കായി എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി.

5. നോർക്ക റൂട്ട്സിൽ വനിത എൻ.ആർ.ഐ. സെൽ.
6. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന വനിതകളോടുള്ള ചൂഷണം അവസാനിപ്പിക്കുന്നതിന് വേണ്ടി എയർപ്പോർട്ടുകളിൽ Migration Facilitation Centre, പാസ്പോർട്ട് ഓഫീസുകളിൽ Pre Embankment Orientation Centres.
7. നൈപുണ്യം മെച്ചപ്പെടുത്തുക, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുക, സ്കിൽ ഡവലപ്മെന്റ് സെന്റർ സ്ഥാപിക്കുക, വിദേശ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുക, വിദേശ രാജ്യങ്ങളിലെ സർവ്വകലാശാലകളുമായി ആശയവിനിമയം നടത്തുന്നതിന് student exchange programme സംഘടിപ്പിക്കുക എന്നീ വിഷയങ്ങളിൻമേൽ പഠനം നടത്തുന്നതിന് വേണ്ടി ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം.
8. കുടിയേറ്റ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് International Migration Centre രൂപീകരിക്കുക.
9. മേഖലാ അടിസ്ഥാനത്തിൽ എൻ.ആർ.ഐ. യൂത്ത് ഫെസ്റ്റിവൽ നടത്തുക.
10. പ്രവാസികളുടെ സാഹിത്യ സൃഷ്ടികൾക്കായി ഒരു പ്രസിദ്ധീകരണം ആരംഭിക്കുക.

മേൽപറഞ്ഞവയിൽ എൻ.ആർ.ഐ. ബാങ്ക് രൂപീകരിക്കുക, എൻ.ആർ.ഐ. യൂത്ത് ഫെസ്റ്റിവൽ എന്നിവ ഇപ്പോൾ

| | | | |
|---|---|---|---|
| | | | നടപ്പാക്കുന്നില്ല. മറ്റു ശുപാർശകൾ നടപ്പാക്കുന്നതിന്റെ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. |
| സി) | അവിദഗ്ധ തൊഴിലാളികൾ ഉൾപ്പെടെ മടങ്ങിവരുന്ന പ്രവാസികളുടെ എണ്ണം വർദ്ധിച്ചുവരുന്നതും ഇവരുടെ തൊഴിൽ പരിചയം ഉപയോഗപ്പെടുത്താൻ കഴിയുന്ന സാഹചര്യം സംസ്ഥാനത്ത് നിലനിൽക്കുന്നില്ല എന്നതും കണക്കിലെടുത്ത് പ്രവാസികളുടെ പ്രശ്നം പരിഹരിക്കാൻ എല്ലാ ജില്ലകളിലും പ്രവാസിക്ഷേമ സമിതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ? | സി) | 2018-ലെ പ്രഥമ ലോക കേരള സഭാ സമ്മേളനത്തിലെ തീരുമാനങ്ങളുടെ ഭാഗമായി എല്ലാ ജില്ലകളിലും പ്രവാസികളുടെ പ്രശ്നങ്ങളുടെ സത്വര പരിഹാരത്തിനായി ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനായും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് കൺവീനറായും ഉള്ള പ്രസ്തുത കമ്മിറ്റിയിൽ ജില്ലാ പോലീസ് മേധാവി, നോർക്ക റൂട്ട്സിന്റെ പ്രതിനിധി, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് പ്രതിനിധി, തിരികെ വന്ന പ്രവാസികളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരു വനിത ഉൾപ്പെടെ മൂന്ന് പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട ഈ കമ്മിറ്റി ഓരോ മാസവും കൃത്യമായി യോഗം ചേർന്ന് പ്രവാസികളുടെ പരാതികൾ കേൾക്കുകയും തുടർ നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അയയ്ക്കുകയും ചെയ്തു വരുന്നു.<br>എന്നാൽ എല്ലാ ജില്ലകളിലും പ്രവാസിക്ഷേമ സമിതി രൂപീകരിക്കുന്ന വിഷയം പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**